കാഞ്ഞിരക്കൊല്ലി കോളനി വൈദ്യുതീകരണം, വീടുകളുടെ പുനഃനിർമ്മാണം എന്നീ ആവശ്യങ്ങൾ ഊരുകൂട്ടങ്ങളുടെ തീരുമാനത്തിന് വിധേയമായും പട്ടികവർഗ്ഗ ഉപപദ്ധതി നടപ്പിലാക്കുന്നതിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായും പദ്ധതി തയ്യാറാക്കി സംസ്ഥാന/ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട പാവപ്പെട്ടവർക്ക് ചികിത്സാ ധനസഹായം

141 [3195] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക—പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട പാവപ്പെട്ടവർക്ക് ചികിത്സാ ധനസഹായമായി അനുവദിക്കുന്ന തുക ഫണ്ടിന്റെ അഭാവം മൂലം യഥാസമയം വിതരണം ചെയ്യാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രപേർക്ക് ധനസഹായം ഇനിയും നൽകാൻ ബാക്കിയുണ്ടെന്നും ഇതിന് എത്ര തുക വേണ്ടിവരുമെന്നും അറിയിക്കാമോ;

(സി) പ്രസ്തുത തുക ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികജാതിയിൽപ്പെട്ടവരുടെ കാര്യത്തിൽ ഫണ്ടിന്റെ അഭാവം മൂലം ചികിത്സാ ധനസഹായം വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ല. എന്നാൽ കാസർഗോഡ് ജില്ലാ ട്രഷറിയിൽ ആരംഭിച്ച പി.ഡി. അക്കൗണ്ട് 2004-2005 വർഷത്തിൽ തുടരാൻ കഴിയാതെ വന്നതിനാൽ യഥാസമയം ചികിത്സാ ധനസഹായം വിതരണം ചെയ്യുന്നതിൽ കാലതാമസം വന്നിട്ടുണ്ട്.

പട്ടികവർഗവിഭാഗത്തിന്റെ കാര്യത്തിൽ ഫണ്ടിന്റെ അപര്യാപ്തതമൂലം ചികിത്സാ ധനസഹായം വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്.

(ബി) പട്ടികജാതിയിൽപ്പെട്ട 14 അപേക്ഷകർക്കായി 71,500 രൂപയും പട്ടിക വർഗ്ഗത്തിൽപ്പെട്ട 50 പേർക്കായി 2,69,000 രൂപയും നൽകാൻ ബാക്കിയുണ്ട്.

(സി) പട്ടികജാതിയിൽപ്പെട്ട അപേക്ഷകർക്ക് ധനസഹായം നൽകുന്നതിനാവശ്യമായ തുക അനുവദിച്ചു കഴിഞ്ഞു.

പട്ടികവർഗ്ഗത്തിൽപ്പെട്ട അപേക്ഷകർക്ക് അടുത്ത സാമ്പത്തികവർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ധനസഹായതുക നൽകുന്നതാണ്.

ഇരിക്കൂർ നിയോജക മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ

142 [3196] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ആകെ എത്ര പട്ടികജാതി-പട്ടിക വർഗ്ഗ കോളനികൾ ഉണ്ടെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly